**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1131** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സുരക്ഷ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. പി. പ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ടും മറ്റുവിധത്തിലും വിനോദസഞ്ചാരികൾ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം വകുപ്പിന്റെയും ഡി.ടി.പി.സി - കളുടേയും ചുമതലയിൽ ഉള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ പരമാവധി സ്വീകരിക്കാറുണ്ട് . മറ്റ് വകുപ്പുകൾ നടത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ മതിയായ സുരക്ഷ ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കാറുണ്ട് . ടൂറിസം ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച സൈനേജ് ബോർഡുകൾ, സുരക്ഷാ വേലി, ടൂറിസം പോലീസിന്റെ സേവനം, ലൈഫ് ഗാർഡുകളുടെ സേവനം, സി.സി.ടി.വി ക്യാമറ, സുരക്ഷാ ഉപകരണങ്ങൾ, സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവ അനുവദിക്കുന്നത് അവയിൽ പ്രധാനപ്പെട്ടവയാണ്.

സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ എല്ലാം തന്നെ നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. അപകട സാധ്യതയുള്ള ഡെസ്റ്റിനേഷനുകളിൽ അപകട മുന്നറിയിപ്പുകൾ നൽകുന്നതും മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യവും പരിശോധിച്ച് വരുന്നു .

**(ബി)** കടൽത്തീരങ്ങൾ, കായലോരങ്ങൾ, നദികൾ, തടാകങ്ങൾ മുതലായ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേക പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം അവിടങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** കേരളത്തിലെ കടലോരങ്ങൾ, കായലുകൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ

ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു. ലൈഫ് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

**(സി)** ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്രമാതീതമായി സന്ദർശക ബാഹുല്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഓരോ ടൂറിസം കേന്ദ്രങ്ങളുടേയും ക്യാരിയിംഗ് കപ്പാസിറ്റി സംബന്ധിച്ച് പഠനം നടത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ടൂറിസം ഡെസ്റ്റിനേഷനുകളിൽ സന്ദർശക ബാഹുല്യം വർധിച്ചുവരുന്ന സാഹചര്യത്തിൽ ടൂറിസം വകുപ്പിന്റെ നിർദേശപ്രകാരം മൂന്നാർ, പൂക്കോട്, വൈത്തിരി എന്നീ കേന്ദ്രങ്ങളുടെ ക്യാരിയിങ് കപ്പാസിറ്റി പഠനം കിറ്റ്സ് മുഖാന്തരം നടപ്പിലാക്കി വരുന്നു.

**(ഡി)** സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ നിലവിൽ പ്രാബല്യത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്തെ അഡ്വഞ്ചർ ടൂറിസം പ്രവർത്തനങ്ങൾ ഉത്തരവാദിത്തപരമായും സുരക്ഷിതവുമായി നടത്തുന്നതിന് സുരക്ഷാ ചട്ടങ്ങൾ (Adventure Tourism Safety Regulations) നിലവിൽ പ്രാബല്യത്തിലുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം കര, ജല, വായു മേഖലകളിലായി ആകെ 31 ഇനം അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾക്ക് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

- അഡ്വഞ്ചർ ടൂറിസം യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) നിയോഗിക്കുന്ന സമിതിയുടെ പരിശോധനയ്ക്ക് വിധേയമാകണം.
- സൈറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതായി വിദഗ്ധ സമിതി റിപ്പോർട്ട് ചെയ്യുന്ന യൂണിറ്റുകൾക്ക് ടൂറിസം വകുപ്പ് രണ്ട് വർഷത്തേക്ക് സാധുതയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.
- ആവശ്യമായ പരിശീലനം നേടിയ ഇൻസ്ട്രക്ടർമാർ, അംഗീകൃത സുരക്ഷാ ഉപകരണങ്ങൾ, റിസ്ക് അസസ്മെന്റ്, അടിയന്തര രക്ഷാപ്രവർത്തന പദ്ധതി, ഇൻഷുറൻസ്, സുരക്ഷാ പ്രവർത്തന നടപടിക്രമങ്ങൾ (Standard Operating Procedures) നിർബന്ധമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ തുടർച്ചയായി പുതുക്കുന്നതിനും പരിപാലനം ഉറപ്പാക്കുന്നതിനുമായി ആനുകാലിക പരിശോധനകളും നിരീക്ഷണ സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**